# ഗർഭകാലത്തെ അയൺ ഫോളിക് ആസിഡ് സപ്ലിമെന്റേഷനും ടെറ്റനസ് ടോക്സോയിഡ് വാക്സിനും

## അയൺ ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ

- സ്ത്രീകളുടെ ശരീരത്തിൽ പര്യാപ്തമായ തോതിൽ ഇരുമ്പ് ഉറപ്പാക്കുന്നതിനുള്ള ഫലപ്രദമായ ഒരു സമീപനമാണ് അയൺ ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ, വിശേഷിച്ചും ഗർഭധാരണത്തിനു മുമ്പും ഗർഭകാലത്തും.
- അംഗൻവാടി കേന്ദ്രങ്ങൾ, ഉപ-കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, ജില്ലാ ആശുപത്രികൾ എന്നിവ മുഖേനഎല്ലാ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അയണും ഫോളിക് ആസിഡും അടങ്ങുന്ന ഗുളികകൾ വിതരണം ചെയ്യപ്പെടുന്നുണ്ട്.





*എല്ലാ സ്ത്രീകൾക്കും ദിവസേനഒരു ഗുളിക വീതം 100 ദിവസത്തേക്ക്*

*വിളർച്ചയുള്ള സ്ത്രീകൾക്ക് ദിവസേന 2 ഗുളിക വീതം 100 ദിവസത്തേക്ക്*

*ഒരു മാസത്തെ ഇടവേളയിൽ ടെറ്റനസ് ടോക്സോയിഡ് വാക്സിന്റെ രണ്ടു ഡോസുകൾ*

## വായിലൂടെ കഴിക്കുന്ന അയൺ ഫോളിക് ആസിഡ് സപ്ലിമെന്റേഷനുള്ള മുൻകരുതലുകൾ

- ക്രമപ്രകാരം (അടുത്ത പേജിലെ പട്ടിക കാണുക) ഡോസുകൾ കൃത്യമായി കഴിക്കുകയും ചികിത്സ പൂർത്തിയാക്കുകയും വേണം.
- നന്നായി വലിച്ചെടുക്കപ്പെടുന്നതിനു വേണ്ടി ഗുളികകൾ വെറും വയറ്റിൽ കഴിക്കുന്നതാണ് മെച്ചം. ആമാശയവീക്കം, ഓക്കാനം, ഛർദ്ദി തുടങ്ങിയവയുണ്ടെങ്കിൽ ആഹാരം കഴിച്ച് ഒരു മണിക്കൂർ കഴിഞ്ഞ് അല്ലെങ്കിൽ രാത്രിയിൽ കഴിക്കാൻ ഉപദേശിക്കുക.
- മലബന്ധം ഉണ്ടാകുന്ന പക്ഷം, കൂടുതൽ വെള്ളം കുടിക്കാനും ഭക്ഷണത്തിൽ കൂടുതൽ നാരുവർഗ്ഗങ്ങൾ ഉൾപ്പെടുത്താനും ഉപദേശിക്കണം.
- ചായ, കാപ്പി, പാൽ അല്ലെങ്കിൽ കാത്സ്യം ഗുളികകൾക്കൊപ്പം അയൺ ഫോളിക് ആസിഡ് ഗുളികകൾ കഴിക്കരുത്.
- അയൺ ഫോളിക് ആസിഡ് ചികിത്സയ്ക്കൊപ്പം അയൺ, വിറ്റാമിനുകൾ (വിശേഷിച്ചും വിറ്റാമിൻ സി), പ്രോട്ടീൻ, മിനറലുകൾ, മറ്റു പോഷകങ്ങൾ (ഉദാ: പച്ച ഇലയുള്ള പച്ചക്കറികൾ, തോടുനീക്കാത്ത പയറുവർഗ്ഗങ്ങൾ, ശർക്കര, പക്ഷിമാംസം, മത്സ്യം, പഴങ്ങൾ, ഉഴുന്ന്, നിലക്കടല, റാഗി, സമ്പൂർണ്ണ ധാന്യങ്ങൾ, പാൽ, മുട്ട, മാംസം, അണ്ടിപ്പരിപ്പുകൾ തുടങ്ങിയവ) എന്നിവയാൽ സമ്പുഷ്ടമായ ഭക്ഷണം കഴിക്കാൻ എപ്പോഴും ശ്രദ്ധിക്കണം.

| പ്രായ വിഭാഗം | ഡോസ് | ക്രമം | സർവീസ് വിതരണം |
|---|---|---|---|
| ഗർഭിണികളും മൂലയൂട്ടുന്ന അമ്മമാരും | 100 മിഗ്രാം എലമെന്റൽ അയൺ കൂടാതെ 500 മൈക്രോഗ്രാം ഫോളിക് ആസിഡ് | 100 ദിവസത്തേക്ക് 1 ഗുളിക വീതം ദിവസേന, ഗർഭകാലത്തിന്റെ 14 – 16 ആഴ്ചയിൽ, ആദ്യത്തെ മൂന്നു മാസത്തിനു ശേഷം ആരംഭിക്കണം. പ്രസവത്തിനു ശേഷം 100 ദിവസത്തേക്ക് ഇത് ആവർത്തിക്കണം | പ്രസവ പൂർവ്വ പരിശോധന/സഹായക നഴ്സ്/ അംഗീകൃത സാമൂഹികരോഗ്യ പ്രവർത്തക<br><br>മാതൃ ശിശു സംരക്ഷണ കാർഡിൽ ഉൾപ്പെടുത്തണം |
| ഗർഭധാരണ ശേഷിയുള്ള പ്രായവിഭാഗത്തിലുള്ള സ്ത്രീകൾ (15 – 49 വയസ്) | 100 മിഗ്രാം എലമെന്റൽ അയൺ കൂടാതെ 500 മൈക്രോഗ്രാം ഫോളിക് ആസിഡ് | ഗർഭധാരണ ശേഷിയുള്ള കാലത്ത് ഉടനീളം ആഴ്ചയിൽ ഒരിക്കൽ | ഗർഭനിരോധനഉപാധികൾ വിതരണം ചെയ്യുന്നതിനു വേണ്ടി വീടുകൾ സന്ദർശിക്കുമ്പോൾ ആശാ പ്രവർത്തക മുഖേന |

## ടെറ്റനസ് ടോക്സോയിഡ്

- ടെറ്റനസ് ടോക്സോയിഡ് പ്രധാനപ്പെട്ട ഒരു വാക്സിൻ ആണ്, ജീവഹാനിയുണ്ടാക്കുന്ന സാഹചര്യങ്ങളിൽ ഒന്നായ ടെറ്റനസിൽ നിന്ന് അത് അമ്മയെയും കുഞ്ഞിനെയും സംരക്ഷിക്കുന്നു.
- ഒരു ഗർഭിണി ചുരുങ്ങിയത് 2 ടെറ്റനസ് ടോക്സോയിഡ് കുത്തിവയ്പുകളെങ്കിലും എടുക്കണം.
    - ആദ്യത്തെ ടെറ്റനസ് ടോക്സോയിഡ് ഇഞ്ചക്ഷൻ എടുക്കുന്നത് ആദ്യത്തെ സന്ദർശനത്തിന്റെ വേളയിൽ ആയിരിക്കണം, അത് ആദ്യത്തെ മൂന്നുമാസത്തിനിടയിൽ ആണെങ്കിൽ പോലും.
    - രണ്ടാമത്തെ ടെറ്റനസ് ടോക്സോയിഡ് ചുരുങ്ങിയത് ഒരു മാസമെങ്കിലും കഴിഞ്ഞ് എടുക്കണം.

*ഉപകേന്ദ്രം/പ്രാഥമികാരോഗ്യ കേന്ദ്രം/സാമൂഹികാരോഗ്യ കേന്ദ്രം/ജില്ലാ ആശുപത്രി സന്ദർശിക്കുമ്പോഴായിരിക്കും അയൺ ഫോളിക് ആസിഡ് ഗുളികകളും ടെറ്റനസ് വാക്സിനും ഗർഭിണികൾക്ക് നൽകപ്പെടുക*

### അംഗൻവാടി പ്രവർത്തകയുടെ പങ്ക്

- നിങ്ങളുടെ ഗ്രാമത്തിൽ/പ്രദേശത്തുള്ള എല്ലാ ഗർഭിണികളെയും മുലയൂട്ടുന്ന അമ്മമാരെയും കണ്ടെത്തുക.
- ഭക്ഷണക്രമം സംബന്ധിച്ചും അയൺ ഫോളിക് ആസിഡ് സപ്ലിമെന്റേഷന്റെ പാർശ്വ ഫലങ്ങൾ, അയൺ ഫോളിക് ആസിഡ് ഗുളികകൾ കഴിക്കുന്നതുമായി ബന്ധപ്പെട്ട മിഥ്യാധാരണകൾ, രക്തക്കുറവിന് ചികിത്സിക്കുന്നില്ലെങ്കിൽ അതുമൂലം ഉണ്ടാകാവുന്ന അപകടസാദ്ധ്യതകൾ എന്നിവയെപ്പറ്റിയും ഗർഭിണികൾക്ക് പൊതുവായ ഉപദേശം നൽകണം.
- പ്രസവത്തിനു മുൻപുള്ള പരിശോധനകൾക്ക് ക്രമമായി വന്നെത്താൻ കഴിയാത്ത ഗർഭിണികൾക്ക് യഥാസമയത്തുള്ള ഭവനസന്ദർശനം മുഖേന അയൺ ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ ലഭ്യമാക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക.
- ആഴ്ചതോറും വീടുകളിൽ നടത്തുന്ന സന്ദർശനം മുഖേന അയൺ ഫോളിക് ആസിഡ് ഗുളികകൾ കഴിക്കുന്നുണ്ടോ എന്ന കാര്യം നിരീക്ഷിക്കുക.
- മാതൃ ശിശു സംരക്ഷണ കാർഡിൽ എല്ലാ വിവരങ്ങളും (എച്ച്.ബി. തോതും ചികിത്സാ ക്രമവും - അയൺ ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ) പൂരിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
- ഒരു മാസത്തെ ഇടവേളയിൽ എല്ലാ ഗർഭിണികൾക്കും ടെറ്റനസ് ടോക്സോയിഡ് വാക്സിൻ ലഭ്യമാക്കുക. ആദ്യത്തെ ടെറ്റനസ് ടോക്സോയിഡ് വാക്സിൻ ഡോസ് കഴിവതും വേഗത്തിൽ നൽകണം, ആദ്യമായി പ്രസവ പൂർവ്വ പരിശോധന യ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന് ഗർഭിണി എത്തുമ്പോൾ നൽകുന്നതാണ് അഭികാമ്യം.